**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ. ടി. സി. യെ ഹരിത പദവിയിലെത്തിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ. എസ്.ആർ. ടി. സി. യെ ഹരിത പദവിയിലെത്തിച്ച് മാലിന്യമുക്തമാക്കി പരിപാലിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ; | (എ) | 'മാലിന്യമുക്ത നവകേരളം' ജനകീയ പ്രചാരണ പരിപാടിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യെ മാലിന്യ മുക്തമാക്കി ഹരിത പദവിയിലെത്തിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.<br><br>• ഡിപ്പോകളിലെ / വർക്ക്ഷോപ്പുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഹരിത കർമ്മസേനക്ക് കൈമാറി വരുന്നു.<br>• ഡിപ്പോകളിലെ / വർക്ക്ഷോപ്പുകളിലെ ജൈവ / അജൈവ, ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള (CKCL) കമ്പനിയുമായും പുനരുപയോഗിക്കാനാവാത്ത അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കാൻ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡുമായും (KEIL) ധാരണയിലെത്തിയിട്ടുണ്ട്.<br>• കെ.എസ്.ആർ.ടി.സി.യിലെ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി സ്വന്തമായി ഒരു സോഫ്റ്റ് വെയർ കോർപ്പറേഷൻ വികസിപ്പിച്ച് ഉപയോഗിച്ച് വരികയാണ്.<br>• കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽ മലിനജല സംസ്കരണ സംവിധാനങ്ങളായ Sewage Treatment Plant (STP) / Effluent Treatment Plant (ETP) എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിനുമായി ഡിപ്പോകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു വരുന്നു.<br>• ബസ് ഡിപ്പോകളിലും ബസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നതിനായി കളർ കോഡുള്ള ഡസ്റ്റ് ബിന്നുകളും വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്.<br>• കെ.എസ്.ആർ.ടി.സി.യുടെ പൊതു ശൗചാലയങ്ങൾ പരിസ്ഥിതി സൗഹൃദമായും ശുചിത്വ ടോയ് ലെറ്റുകളായും നിലനിർത്തുന്നതിന് മാലിന്യ സംസ്കരണത്തിലും പൊതുജനാരോഗ്യത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന “സുലഭ് ഇന്റർനാഷണൽ” എന്ന എൻജിഒയ്ക്ക് കൈമാറിയിട്ടുണ്ട്.<br>• കൂടാതെ ഹൗസ്കീപ്പിംഗ് പ്രവർത്തനങ്ങൾ എകോപിപ്പിച്ചും, സ്മാർട്ട് സാറ്റർഡേ ആചരിച്ചും, വിവിധ സർക്കാർ, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും കെ.എസ്.ആർ.ടി.സി.യെ ഹരിത പദവിയിലെത്തിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. യൂണിറ്റുകളിൽ പ്രത്യേകമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | മാലിന്യ മുക്ത പ്രവർത്തനങ്ങൾക്കായി പ്രത്യേകമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>• ഡിപ്പോകളിലെ / വർക്ക്ഷോപ്പുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഹരിതകർമ്മസേനക്ക് കൈമാറി വരുന്നു.<br>• ഡിപ്പോകളിലെ / വർക്ക്ഷോപ്പുകളിലെ ജൈവ / അജൈവ, ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള (CKCL) കമ്പനിയുമായും പുനരുപയോഗിക്കാനാവാത്ത അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കാൻ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡുമായും (KEIL) ധാരണയിലെത്തിയിട്ടുണ്ട്.<br>• കെ.എസ്.ആർ.ടി.സി.യിലെ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി സ്വന്തമായി ഒരു സോഫ്റ്റ് വെയർ കോർപ്പറേഷൻ വികസിപ്പിച്ച് ഉപയോഗിച്ചുവരികയാണ്.<br>• കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽ മലിനജല സംസ്കരണ സംവിധാനങ്ങളായ Sewage Treatment Plant (STP) / Effluent |

| | | | |
|---|---|---|---|
| | | | Treatment Plant (ETP) എന്നിവ സ്ഥാപിച്ചു വരുന്നു.<br>• മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുന്നതിനുമായി ഡിപ്പോകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു വരുന്നു.<br>• ബസ് ഡിപ്പോകളിലും ബസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നതിനായി കളർ കോഡുള്ള ഡസ്റ്റ് ബിന്നുകളും വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്.<br>• കെ.എസ്.ആർ.ടി.സി.യുടെ പൊതു ശൗചാലയങ്ങൾ പരിസ്ഥിതി സൗഹൃദമായും ശുചിത്വ ടോയ് ലെറ്റുകളായും നിലനിർത്തുന്നതിന് മാലിന്യ സംസ്കരണത്തിലും പൊതുജനാരോഗ്യത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന "സുലഭ് ഇന്റർനാഷണൽ" എന്ന എൻജിഒയ്ക്ക് കൈമാറിയിട്ടുണ്ട്.<br>• കൂടാതെ ഹൗസ്കീപ്പിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും, സ്മാർട്ട് സാറ്റർഡേ ആചരിച്ചും, വിവിധ സർക്കാർ, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും കെ.എസ്.ആർ.ടി.സി.യെ ഹരിത പദവിയിലെത്തിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിവരുന്നു.<br>• ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളിലെയും മാലിന്യമുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ യൂണിറ്റുകളിലും സൂപ്രണ്ടുമാരുൾപ്പെടുന്ന മാലിന്യ മുക്ത കോർഡിനേറ്ററും എല്ലാ ജില്ലകളിലും ജില്ലാ മാലിന്യമുക്ത കോർഡിനേറ്റർമാരെയും സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് മാലിന്യമുക്ത കോർഡിനേറ്ററേയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | തരം തിരിച്ച മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (സി) | എല്ലാ യൂണിറ്റുകളിലെയും വർക്ക്ഷോപ്പുകളിലെയും ജൈവ/അജൈവ/ഇ-വേസ്റ്റ് മാലിന്യം നിർമാർജനം ചെയ്യുന്നതിനായി Clean Kerala Company (CKCL)-യുമായി ധാരണാ പത്രം ഒപ്പ് വയ്ക്കുകയും യൂണിറ്റുകളിൽ നിന്നും തരംതിരിച്ച മാലിന്യം അതാത് പരിധിയിൽ വരുന്ന വർക്ക്ഷോപ്പുകളിൽ എത്തിക്കുകയും അവിടെ നിന്നും വർക്ക്ഷോപ്പ് |

| | | | |
|---|---|---|---|
| | | | അധികാരികളുടെ മേൽനോട്ടത്തിൽ എല്ലാ നടപടി ക്രമങ്ങളും പാലിച്ചു കൊണ്ട് കൈമാറ്റം ചെയ്തു വരുന്നു. പുനഃചംക്രമണ സാധ്യതയില്ലാത്ത Hazardous വേസ്റ്റ്-ന്റെ നിർമാർജനത്തിനായി Kerala Enviro Infrastructure Limited (KEIL)-മായി ധാരണയായിട്ടുണ്ട്. കാലങ്ങളായി ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും കെട്ടിക്കിടന്നിരുന്ന 4.56 ടൺ ഇ-വേസ്റ്റ് 117 ടൺ മറ്റ് വേസ്റ്റുകൾ, 62.6 ടൺ Hazardous Waste എന്നിവ ഇപ്രകാരം നീക്കം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി സ്വന്തമായി ഒരു സോഫ്റ്റ്വെയർ (ഇ-ഗേറ്റ് പാസ്) കോർപ്പറേഷൻ വികസിപ്പിച്ച് ഉപയോഗിച്ചു വരികയാണ്. യൂണിറ്റുകളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മസേനക്ക് കൈമാറുന്നുണ്ട്. |
| (ഡി) | കെ. എസ്. ആർ. ടി. സി. നടത്തിവരുന്ന മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് പ്രത്യേകമായ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | • മാതൃകാപരമായ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ നടത്തിയതിന് ഹരിത കേരള മിഷന്റെ സാക്ഷ്യപത്രം കെ.എസ്.ആർ.ടി.സി.യുടെ 92 യൂണിറ്റുകൾക്ക് നാളിതുവരെ ലഭ്യമായിട്ടുണ്ട്.<br>• തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ ഏറ്റവും മികച്ച രീതിയിൽ മാലിന്യ സംസ്കരണം നടത്തിയ ഡിപ്പാർട്ട്മെന്റിനുള്ള പുരസ്കാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചിട്ടുണ്ട്.<br>• തിരുവനന്തപുരം കമലേശ്വരം കൺവെൻഷൻ സെന്ററിൽ വെച്ച് 2025 ആഗസ്റ്റ് 6-ന് ഹരിത കേരളം മിഷൻ കെ.എസ്.ആർ.ടി.സി.യുടെ മാലിന്യമുക്ത പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. ഇതിന്റെ ഭാഗമായി ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കുമായി 'ഹരിത സംഗമം' എന്ന ഏകദിന ശില്പശാല സംഘടിപ്പിക്കുകയും, മികച്ച പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കെ.എസ്.ആർ.ടി.സി.ക്ക് ഹരിത കേരളം മിഷൻ നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ